# Dakshina Kerala Jam-iyyathul Ulama

## ജുമുഅ പ്രഭാഷണം " ഗുണകാംക്ഷയാണ് ആത്മീയത " (10/02/17)

അവതരണം. സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ وَ اتَّقُوا اللَّهَ لَعَلَّكُمْ تُرْحَمُونَ(١٠) ﴿الحجرات﴾

ഗുണകാംക്ഷയെകുറിച്ചാണ് കഴിഞ്ഞ ആഴ്ച നാം പറഞ്ഞത്.

- മനുഷ്യൻ തന്നോടും തന്റെ കുടുംബത്തോടും ഗുണകാംക്ഷയുള്ളവനായിരിക്കും. ഇത് സ്വാഭാവികം. സൃഷ്ടിപരം. ഇതിൽ ജാതിമതവ്യത്യാസമില്ല. എല്ലാ മനുഷ്യരുടെയും രീതിയാണ്.
- എന്നാൽ തനിക്ക് മാത്രം ഗുണമുണ്ടാകണമെന്ന് ചിന്ത സ്വാർത്ഥതയാണ്. ഇബ്‌ലീസ് അങ്ങനെ ചിന്തിച്ച പ്രഥമ സ്വാർത്ഥൻ. ആദം സന്തതികൾക്ക് ഒരു വിധത്തിലും നന്മ ഉണ്ടാകാതിരിക്കാൻ നിതാന്ത ശ്രമം.

قالَ فَبِما أَغْوَيْتَنِي لَأَقْعُدَنَّ لَهُمْ صِراطَكَ الْمُسْتَقِيمَ (١٦) ثُمَّ لَآتِيَنَّهُمْ مِنْ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ وَعَنْ أَيْمانِهِمْ وَعَنْ شَمائِلِهِمْ وَلا تَجِدُ أَكْثَرَهُمْ شاكِرِينَ (١٧) ﴿الأعراف﴾

- ഇസ്‌ലാം ഒരിക്കലും ഇതംഗീകരിക്കുന്നില്ല. ഒരിക്കൽ ഒരു അഅ്റാബി തനിക്ക് മാത്രം നന്മക്കായി പ്രാർത്ഥിച്ചതിനെ നബി(സ്വ) നിരുത്സാഹപ്പെടുത്തി.

أَنَّ أَبَا هُرَيْرَةَ، قَالَ: قَامَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي الصَّلاَةِ وَقُمْنَا مَعَهُ، فَقَالَ أَعْرَابِيٌّ وَهُوَ فِي الصَّلاَةِ: اللَّهُمَّ ارْحَمْنِي وَمُحَمَّدًا وَلاَ تَرْحَمْ مَعَنَا أَحَدًا. فَلَمَّا سَلَّمَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ , قَالَ لِلأَعْرَابِيِّ: «لَقَدْ حَجَرْتَ وَاسِعًا» . يُرِيدُ رَحْمَةَ اللَّهِ (بخاري)

(അല്ലാഹു വിശാലമാക്കിയ റഹ്മത്തിനെ താങ്കൾ ചുരുക്കിക്കളഞ്ഞു. അത് ശരിയായില്ല എന്നർത്ഥം.)

- മറിച്ച് തന്നെപോലെ മറ്റുള്ളവർക്കും നന്മ ആഗ്രഹിക്കേണ്ടവനാണ് വിശ്വാസി.

عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللَّهُ عَنْهُ ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : لَا يُؤْمِنُ أَحَدُكُمْ حَتَّى يُحِبَّ لِأَخِيهِ مَا يُحِبُّ لِنَفْسِهِ (متفق عليه)

عن مُعَاذٍ أَنَّهُ سَأَلَ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَنْ أَفْضَلِ الْإِيمَانِ قَالَ:وَأَنْ تُحِبَّ لِلنَّاسِ مَا تُحِبُّ لِنَفْسِكَ، وَتَكْرَهَ لَهُمْ مَا تَكْرَهُ لِنَفْسِكَ، وَأَنْ تَقُولَ خَيْرًا، أَوْ تَصْمُتَ (أحمد)

ഒരിക്കൽ വ്യഭിചാരത്തിന് അനുമതി വേണം എന്ന് ആവശ്യവുമായി ഒരു യുവാവ് നബി(സ്വ)യെ സമീപിച്ചു. അയാളെ നബി(സ്വ) കൈകാര്യം ചെയ്ത രീതിയിൽ ഈ ഗുണം നിഴലിച്ചു കാണാം. നിന്റെ ഉമ്മ/സഹോദരി/അമ്മായി ഇവരെ മറ്റൊരാൾ വ്യഭിചരിക്കുന്നത് താങ്കൾ ഇഷ്ടപ്പെടുന്നില്ലെങ്കിൽ ആ സദ്‌വിചാരം താങ്കൾക്ക് മറ്റുള്ളവരെ കുറിച്ചും ഉണ്ടാകണം എന്നുപദേശിച്ചു.

ചുരുക്കത്തിൽ നാം ആഗ്രഹിക്കുന്ന എല്ലാവിധത്തിലുള്ള നന്മകളും മറ്റുള്ളവരിൽ ആഗ്രഹിക്കണം. നമുക്കുണ്ടാകരുതെന്ന് ആഗ്രഹിക്കുന്ന ആപത്ത്/രോഗം/കടം/മറ്റുള്ള ആർക്കും ഉണ്ടാകരുതെന്നും ആഗ്രഹിക്കണം.

➤ സിദ്ധീഖ്(റ) മറ്റുള്ളവരേക്കാൾ മഹാനായത് ഇത്തരം ഗുണങ്ങളുടെ പേരിലായിരുന്നു.

قال أبو بكر المزني:مَا فَاقَ أَبُو بَكْرٍ رَضِيَ اللَّهُ عَنْهُ أَصْحَابَ مُحَمَّدٍ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بِصَوْمٍ وَلَا صَلَاةٍ وَلَكِنْ بِشَيْءٍ كَانَ فِي قَلْبِهِ . قَالَ الَّذِي كَانَ فِي قَلْبِهِ الْحُبُّ لِلَّهِ عَزَّ وَجَلَّ وَالنَّصِيحَةُ فِي خَلْقِهِ

(മറ്റ് സഹാബിമാരേക്കാൾ അദ്ദേഹം സമുന്നതനായത് നോമ്പ് നിസ്ക്കാരങ്ങൾകൊണ്ടല്ല. അത് മറ്റുള്ളവർക്കുമുണ്ടായിരുന്നു. മറിച്ച് മാനസീകനിലവാരം കൊണ്ടാണ്. അത് അല്ലാഹുവിനോടുള്ള സ്നേഹവും സൃഷ്ടികളോടുള്ള ഗുണകാംക്ഷയുമായിരുന്നു) അദ്ദേഹം അനേകം അടിമകളെ മോചിപ്പിച്ചു. അനേകം പേർക്ക് ഉപജീവനം നടത്തി.

ചരിത്രം: ഒരിക്കൽ നബി(സ) പറഞ്ഞു. ഒരാൾ ഈ സദസ്സിൽ കടന്നവരും അയാൾ സ്വർഗ്ഗാവകാശിയാണ്. നബി തങ്ങൾ പരാമർശം മൂന്ന് ദിവസവും ആവർത്തിച്ചു. ഈ മൂന്നു ദിവസവും അവിടേക്ക് കടന്ന് വന്നത് അബ്ദുള്ളാഹി ബ്നു സലാം എന്ന സ്വഹാബിയായിരുന്നു. ഇദ്ദേഹത്തെ സ്വർഗ്ഗ പ്രവേശനത്തിന് അർഹമാക്കിയ കാര്യം എന്താണെന്ന് അറിയാൻ പരിശ്രമിച്ച സ്വഹാബിക്ക് അദ്ദേഹം പ്രത്യേകമായ അമലുകൾ ഒന്നും ചെയ്യുന്നത് കാണാൻ കഴിഞ്ഞില്ല. അവസാനം അബ്ദുല്ലാഹി ബ്നു സലാം അദ്ദേഹത്തോട് പറഞ്ഞു. ഞാൻ പ്രത്യേകമായ ഒരു അമലും ചെയ്യുന്നില്ല. പക്ഷേ ഞാൻ മുസ്‌ലിമായ അന്ന് മുതൽ എന്റെ മനസ്സിൽ ആരോടും ഒരു നിലക്കമുള്ള വിദ്വേഷവുമില്ല.

غَيْرَ أَنِّي لَا أَجِدُ فِي نَفْسِي لِأَحَدٍ مِنَ الْمُسْلِمِينَ غِشًّا(أحمد)

➤ ഈ ഗുണമാണ് ഔലിയാക്കളെ ഔലിയാക്കളാക്കിയത്.

قَالَ الْفُضَيْلُ بْنُ عِيَاضٍ : مَا أَدْرَكَ عِنْدَنَا مَنْ أَدْرَكَ بِكَثْرَةِ الصَّلَاةِ وَالصِّيَامِ ، وَإِنَّمَا أَدْرَكَ عِنْدَنَا بِسَخَاءِ الْأَنْفُسِ ، وَسَلَامَةِ الصُّدُورِ ، وَالنُّصْحِ لِلْأُمَّةِ (جامع العلوم والحكم لإبن رجب)

(=നമ്മുടെ വീക്ഷണത്തിൽ ഔലിയാക്കൾ ഔലിയാക്കളായത് അധികം നിസ്കാരം നോമ്പുകൾ കൊണ്ടല്ല. മനസ്സിന്റെ ശുദ്ധി, ഉദാരത, ജനങ്ങളോടുള്ള ഗുണകാംക്ഷ എന്നിവകൊണ്ടാണ്.

ഉദാ: അബ്ദുല്ലാഹിബ്നു മുബാറക് (റ) ഒരിക്കൽ ഹജ്ജിനു പോയി. യാത്രാമധ്യേ ഒരു സ്ത്രീ വിശക്കുന്ന മക്കൾക്ക് മറ്റൊന്നും കിട്ടാത്തതിനാൽ ഒരു ചത്ത താറാവിനെ എടുത്ത് ഭക്ഷണത്തിന് കയ്യാറാക്കുന്നത് കണ്ടു. അദ്ദേഹം തന്റെ കൈവശമുള്ള പൈസ മുഴുവനും അവർക്ക് സ്വദഖ ചെയ്തു. യാത്ര അവസാനിപ്പിച്ച് മടങ്ങി. ആ വർഷത്തെ ഹജ്ജ് സ്വീകരിക്കപ്പെടാൻ അത് കാരണമായതായി സ്വപ്നം കണ്ടു.

മറ്റുള്ളവരോട് കാണിക്കുന്ന ഗുണകാംക്ഷയും സഹായവും അല്ലാഹുവിന് എത്ര പ്രിയങ്കരമാണ് എന്നതിന് ഈ സംഭവം തെളിവാണ്.

➤ ഗുണകാംക്ഷയുടെ മൂർത്ത രൂപമാണ് ദീനീ ഉപദേശങ്ങൾ

കാരണം: അത് ഒരാളുടെ പരലോകം രക്ഷപ്പെടാൻ കാരണമാകും. ഒരാളുടെ പരലോക രക്ഷയാണല്ലോ ഏറ്റവും അധികം നാം ആഗ്രഹിക്കേണ്ടത്. ഭാര്യാമക്കൾക്ക് അവരുടെ ദുൻയാവിന്റെ ആവശ്യങ്ങൾ എല്ലാം നാം നിർവ്വഹിച്ചുകൊടുക്കുന്നു. അവരുടെ ആഖിറത്തിന്റെ വിജയവും നമ്മൾ ചൂണ്ടിക്കാണിക്കണം.

عَنْ عَمْرِو بْنِ شُعَيْبٍ عَنْ أَبِيهِ عَنْ جَدِّهِ قَالَ : قَالَ رَسُولُ اللَّهِ (ص): مُرُوا أَوْلَادَكُمْ بِالصَّلَاةِ وَهُمْ أَبْنَاءُ سَبْعِ سِنِينَ ، وَاضْرِبُوهُمْ عَلَيْهَا وَهُمْ أَبْنَاءُ عَشْرٍ ، وَفَرِّقُوا بَيْنَهُمْ فِي الْمَضَاجِعِ (ابوداود)

നമ്മുടെ കുടുംബക്കാർ/ സ്നേഹിതർ/ സഹപ്രവർത്തകർ/എല്ലാവരെയും ദീനിലേക്ക് കൂടുതൽ അടുപ്പിക്കാനുള്ള പരിശ്രമങ്ങൾ നടത്തണം. അത് അവരോടുള്ള ഗുണകാംക്ഷയാണ്. അതുകൊണ്ട് ഗുണകാംക്ഷയുടെ എല്ലാ തലങ്ങളും നാം പൂർത്തിയാക്കുക.